പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 551* 25.10.2011 ൽ മറുപടിക്ക്

## ജെൻഡർ ബഡ്ജറ്റിംഗ് പദ്ധതി

**ചോദ്യം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
ശ്രീ. കെ.എം.ഷാജി
ശ്രീ. കെ.എൻ.എ. ഖാദർ
ശ്രീ. റ്റി.എ. അഹമ്മദ്കബീർ

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(മരാമത്ത് വകുപ്പു മന്ത്രി)

(എ) പൊതുമരാമത്ത് വകുപ്പ് നടപ്പാക്കാൻ പോകുന്ന ജെൻഡർ ബഡ്ജറ്റിംഗ് പദ്ധതിയുടെ പ്രത്യേകതകൾ വിശദമാക്കാമോ.

(എ) പൊതുജനങ്ങൾ കൂടുതലായി എത്തുന്ന ആശുപത്രികൾ, ഗവൺമെന്റ് ഓഫീസുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ സ്ത്രീ സൗഹൃദ ടോയിലറ്റുകൾ നിർമ്മിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ബി)ഇതു നടപ്പാക്കുന്നതിന് പൊതുമരാമത്തുവകുപ്പ്ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നല്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നല്കാമോ;

(ബി).ഇല്ല.

(സി) നടപ്പുവർഷം ഈ പദ്ധതിയിൻ കീഴിൽ അനുവദിച്ച ഫണ്ടിനനുസൃതമായി എന്തൊക്കെ പണികളാണ് ഏറ്റെടുത്തിട്ടുളളത്;

(സി) നടപ്പുവർഷം ഈ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുളള 123.56 ലക്ഷം രൂപയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എല്ലാ ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകി പണി പൂർത്തിയാക്കുന്നതാണ്.

(ഡി) അവ സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികളുടെ വിശദവിവരം നല്കാമോ?

(ഡി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടി കൃത്യമായ ഇടവേളകളിൽ പദ്ധതിയുടെ അവലോകനം നടത്തുന്നതാണ്.

സെക്ഷൻ ഓഫീസർ